www.kcschicago.com

THE KCS NEWS



VOL– II ISSUE : 7 **KNANAYA CATHOLIC SOCIETY OF CHICAGO** August 20th, 2010

Patron : Arch Bishop Rt. Rev. Dr.Mathew Moolakatt Spiritual Director : Rev.Fr.Abraham Mutholathu

President : Meyamma Vettikattu Secretary : Jose Thoompanal News Editor : Roy Chelamalayil

കോട്ടയം അതിരൂപതയുടെ 99-ാം ജന്മദിനം ആഗസ്റ്റ് 29 ന്. ഏവർക്കും രജതജൂബിലി വത്സരത്തിന്റെ ആശംസകൾ

KCCNA ഡാളസ് കൺവൻഷനിൽ ചിക്കാഗോ KCS ഓവറോൾ ചാമ്പ്യൻമാർ

കൺവൻഷനിലെ സമാപന ബാങ്കറ്റിൽ വച്ച് കൺവൻഷൻ ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി , അഭിവന്ദ്യ മൂലക്കാട്ട് പിതാവിൽ നിന്ന് , KCS എക്സിക്യൂട്ടീവ് ഏറ്റുവാങ്ങുന്നു.

KCSന്റെ അഭിമുഖ്യത്തിൽ നടത്തുന്ന ഷിക്കാഗോയിലെ കോട്ടയം അതിരൂപത ശതാബ്ദി ആഘോഷങ്ങൾ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു.

KCS യുവജനോത്സവം സെപ്റ്റംബർ 25 ന്

ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ഈ വർഷത്തെ യുവജനോത്സവം 2010 സെപ്റ്റംബർ 25–ാം തീയതി ശനിയാഴ്ച രാവിലെ 9 മണിമുതൽ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തുന്നതാണ് എന്ന വിവരം സന്തോഷ പൂർവ്വം അറിയിക്കുന്നു.

ശേഷം 4 –ാം പേജിൽ

KCS പിക്നിക്കും ഓണാഘോഷവും സെപ്റ്റംബർ 11 ന്

കെ.സി.എസ്.ന്റെ ഈ വർഷത്തെ പിക്നിക്കും ഓണാഘോഷവും സംയുക്തമായി സെപ്റ്റംബർ 11–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ ഡെസ്പ്ലയിൻസിൽ ഉള്ള ബിഗ്ബെൻഡ് ലേക്ക് സൈറ്റിൽ വച്ച് നടത്തുന്നതാണ്.

ശേഷം 8 –ാം പേജിൽ

ഇലക്ഷൻ അറിയിപ്പ് പേജ് 4

Executive Board
Meyamma Vettikkattu (President)
Ph:847-966-8780
John Pattapathy (Vice President)
Ph:847-312-7151
Jose Thoompanal (Secretary)
Ph: 630 335 1419/ 630 243 6272
Stephen Chollamapel (Joint Secretary)
Ph:847-772-4292
Ninal Mundaplakal(Treasurer)
Ph: 314-471-7427
Legislative Board
Tomy Ambenatt (Chairman)
Shajan Anithottam (Vice Chairman)
Finanace Committie
Nimmy Thuruthuveli (Chairman)
Anil Edukkuthara
Sunny Mundaplackal
Shibu Mulayanikunnel
Tomy Thekkanatt
Out-door Activities Committie
Mathew Meluvallil (Chairman)
Simon Mutam
Shibu Karikkal
Philip Panayaparampil
Romy Nedumchirayil
Sini Nedumthuruthy
Entertainment Committtie
James Thirunelliparampil (Chairman)
Chinnu Thottom (Vice chairman)
Anitha Panayaparambil
Gigi Kunnathukizhakkethil
Religious Affairs Committie
Mathias Pullapallil (Chairman)
Soy kuzhiparambil
Membership/ IT Committie
Teddy Muzhayanmakil(Chairman)
Thankachan Vettikkatt
Newsletter and Media Committie
Roy Chelamalayil (Editor)
John Karamyalil
Laison Board
Michael Maniparambil (Chairman)
Sunny Idiyalill (V. Chairman)
Philip Choottuvellil
Alex Paikatt
Johny Kottoor
Building Board
Stephan Kizhakkekkutt
Paulson Kulangara
National Council
Alexander Kuchupurackal
George Nellamattum
Nanacy Chakumkal
Sanjay Chootuvelil
Siby Kadalimattom
Simon Viruthykulangara
Thomas Kadiampally
Auditor
Mathew Maplett

എഡിറ്റോറിയൽ

പ്രിയ ക്നാനായ സുഹൃത്തുക്കളെ,

നോർത്ത് അമേരിക്കയിലെ ക്നാനായക്കാർ സഭാപരമായും, സാമുദായികപരമായും വളർച്ചയുടെ പടവുകൾ കയറിയ ഏതാനും ആഴ്ചകളിലൂടെയാണ് നാം കടന്നുപോയത്. ഒരു രൂപതയിൽ ആഴ്ചകൾക്കുള്ളിൽ 6-ൽ പരം ദേവാലയങ്ങൾ കൂദാശ ചെയ്യപ്പെട്ട അഭൂപൂർവ്വമായ സംഭവത്തിന് നോർത്ത് അമേരിക്കയിലെ ക്നാനായക്കാർ സാക്ഷ്യം വഹിച്ചു. ക്നാനായ സമുദായത്തിന്റെ അമേരിക്കയിലെ പ്രൗഢിയും ശക്തിയും വെളിവാക്കിയ കെ.സി.സി.എൻ.എ. കൺവൻഷന് ഡാളസ് വേദിയായി. അനേകായിരങ്ങൾ പങ്കെടുത്ത ഈ കൺവൻഷൻ കുറ്റമറ്റതാക്കി നടത്തിയ സംഘാടകർ ഏവരുടേയും അഭിനന്ദനം അർഹിക്കുന്നു. നമ്മുടെ മാതൃരൂപതയായ കോട്ടയം അതിരൂപതയുടെ ശതാബ്ദി ആഘോഷങ്ങൾ ചിക്കാഗോയിലും, നോർത്ത് അമേരിക്കയിൽ ഉടനീളവും കോട്ടയം അതിരൂപതയുടെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ തിരി തെളിയുകയുണ്ടായി. അങ്ങനെ നോർത്ത് അമേരിക്കൻ ക്നാനായ സമുദായം തനിമയിലും ഒരുമയിലും വിശ്വാസത്തിലും വളർച്ച പ്രാപിക്കുന്നു എന്നത് ഏവർക്കും അഭിമാനിക്കുവാൻ വക നൽകുന്നു.

അമേരിക്കയാകുന്ന കുടിയേറ്റ ഭൂമിയിലേക്ക് പറിച്ച് നടപ്പെട്ട ക്നാനായ സമുദായം എന്ന ഈ വൻ വൃക്ഷം, ചുവടു പിടിച്ച്, തഴച്ച് വളരുമ്പോൾ, അതോടൊപ്പം ഇലകൾക്കിടയിൽ, ആരുമറിയാതെ, അല്ലെങ്കിൽ അറിഞ്ഞിട്ടും നാം അവഗണിക്കുന്ന ചില ഇത്തിക്കണ്ണികൾ കൂടി ഈ മരത്തിൽ വളരുന്നില്ലേ? സമൂഹത്തിന് മൊത്തം ഹാനികരമാകുന്ന നമ്മുടെ ഇടയിലെ ചില ദുഷ്പ്രവണതകളെയാണ് ഇവിടെ പരാമർശിക്കുന്നത്. ഇത്തരം ദുഷ്പ്രവണതകളെ നുള്ളിക്കളയുന്നതിന് എന്തൊക്കെ ചെയ്യേണം എന്ന് കൂട്ടായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും മനസ്സിലാക്കി, തുറന്ന മനസ്സോടെയുള്ള ഒരു ചർച്ച നമ്മുടെ ഇടയിൽ ഉണ്ടാകണം. അമേരിക്കൻ സാഹചര്യങ്ങളേയും സംസ്കാരത്തേയും കുറ്റം പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്ന് കൈ കഴുകുന്നതിൽ അർത്ഥമില്ല. ഇത്തരം സാഹചര്യങ്ങളിൽ നിന്ന്, നല്ലത് തിരഞ്ഞെടുത്ത് മോശമായവയെ തളളിക്കളയുവാൻ വരും തലമുറയെ പ്രാപ്തരാക്കേണ്ട ഒരു വലിയ ഉത്തരവാദിത്വം കൂടി നമുക്ക് ഓരോരുത്തർക്കും ഉണ്ട്. അപ്പോഴേ, നേട്ടങ്ങൾക്കായി നാം കുടിയേറിയ ഈ മണ്ണിൽ, യഥാർത്ഥ നേട്ടവും മനസമാധാനവും കൈവരിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. സഭാ സാമുദായിക നേതൃത്വം ഇത്തരത്തിൽ ഒരു മുന്നേറ്റം നടത്തേണ്ടിയിരിക്കുന്നു.

നമ്മുടെ മാതൃരൂപതയായ കോട്ടയം വികാരിയാത്ത് സ്ഥാപിതമായതിന്റെ 99-ാം വാർഷികം ആഗസ്റ്റ് 29 ന് നാം ആഘോഷിക്കുകയാണ്. സഭാപരമായും സാമുദായിക പരമായും ക്നാനായ കത്തോലിക്കാ സമുദായം കോട്ടയം രൂപതയിലൂടെ നേടിയ നേട്ടങ്ങൾ കാണുമ്പോൾ രൂപതാ സ്ഥാപനത്തിനു വേണ്ടി നിസ്വാർത്ഥമായ ത്യാഗം സഹിച്ചു മാക്കിൽ പിതാവിന്റെയും മറ്റ് സമുദായ പ്രവർത്തകരുടെയും ദീർഘ വീക്ഷണത്തിന്റെയും സമുദായ സ്നേഹത്തിന്റെയും മുന്നിൽ നമുക്ക് നമ്രശിരസ്കരായി നില്ക്കാം. ശതാബ്ദി വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ ഘട്ടത്തിൽ നമുക്ക് " തനിമയിലും ഒരുമയിലും വിശ്വാസനിറവിലും " നമ്മുടെ ജൈത്രയാത്ര തുടരാം. ഏവർക്കും ഒരിക്കൽ കൂടി രൂപതാ സ്ഥാപനത്തിന്റെയും ശതാബ്ദി വർഷത്തിന്റെയും ആശംസകൾ നേരുന്നു.

കളളവും ചതിയും ഇല്ലാത്ത മനുഷ്യരെല്ലാം ഒന്നുപോലെ വിരാചിക്കുന്ന സമത്വസുന്ദരമായ ഒരു കേരളമെന്ന സങ്കല്പം നമ്മുടെ മനസ്സിൽ പാകി കൊണ്ട് ഒരിക്കൽ കൂടി ഓണം വരവായി. ഓണം വിഭാവനം ചെയ്യുന്ന, വലിപ്പ ചെറുപ്പമില്ലാത്ത കളളവും അഴിമതിയും ഇല്ലാത്ത സമൂഹം എന്നത് ഐതീഹ്യത്തിൽ മാത്രമല്ല, നാം ജീവിക്കുന്ന സമൂഹത്തിലും സങ്കല്പിക്കുവാനും അത് പ്രായോഗികമാക്കുവാനും നമുക്ക് പരിശ്രമിക്കാം. ഏവർക്കും ഐശ്വര്യ.പൂർണ്ണവും സമ്പൽസമൃദ്ധവുമായ ഓണത്തിന്റെ നൂറുനൂറു ആശംസകൾ നേരുന്നു.

നിങ്ങളുടെ കെ.സി.എസ്.എഡിറ്റർ ***റോയി ചേലമലയിൽ***

Presidential Desk .....

സ്നേഹം നിറഞ്ഞ സഹോദരി സഹോദരന്മാരെ,

നോർത്ത് അമേരിക്കയിലെ എല്ലാ ക്നാനായ സമുദായ അംഗങ്ങളെയും , കോർത്തിണക്കി കൊണ്ട് സഭാ സാമുദായിക സൗഹാർദ്ദത്തിന്റെ അനുകൂല തരംഗം പ്രതിഫലിപ്പിച്ചു കൊണ്ട് ഡാളസിൽ കെ.സി.സി.എൻ.എ. നടത്തിയ ഒൻപതാമത് ദേശീയ കൺവൻഷന് ശേഷം, ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നത് സന്തോഷവും ചാരിതാർത്ഥ്യവും ശുഭാപ്തി വിശ്വാസവും നിറഞ്ഞ മനസ്സോടെയാണ്. തനിമയും ഒരുമയും അടിസ്ഥാനപ്രമാണ മാക്കിയിട്ടുള്ള ക്നാനായ സമുദായ അംഗങ്ങളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന വൈകാരീകമായ അടുപ്പത്തിന്റെ ബഹിർസ്ഫുരണമാണ് ഈ കൺവൻഷനിൽ ഉടനീളം കണ്ടത്.

ശതാബ്ദി ആഘോഷങ്ങളുടെ ഒരു വർഷം നീണ്ടു നില്ക്കുന്ന പരിപാടികളുടെ ഉത്ഘാടനം കോട്ടയത്തു നടന്നതിനു ശേഷം, കേരളത്തിന് പുറത്ത് ആദ്യമായി ശതാബ്ദി ആഘോഷങ്ങളുടെ ഉത്ഘാടനം, ചിക്കാഗോയിൽ അഭിവന്ദ്യ മൂലക്കാട്ട് മെത്രാപ്പോലിത്തായുടെയും, അഭിവന്ദ്യ പണ്ടാരശ്ശേരി പിതാവിന്റെയും സാന്നിദ്ധ്യത്തിൽ ജൂലൈ 20-ാം തീയതി നാം നടത്തിയപ്പോൾ നമ്മുടെ പിതാക്കന്മാർ അതിനെ മുക്തകണ്ഠം പ്രശംസിച്ചത് നന്ദിയോടെ സ്മരിക്കുന്നു. കുട്ടികൾക്കും, യുവതീയുവാക്കന്മാർക്കും സമുദായ കാര്യങ്ങളിൽ താൽപര്യവും അറിവും അറിവും ഉളവാക്കത്തക്ക രീതിയിലുള്ള പല പദ്ധതികളും നമ്മുടെ പോഷക സംഘടനകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തുവാൻ ഞാൻ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

വിശ്വാസ ജീവിതത്തിലും ക്നാനായക്കാർ ഒട്ടും പിന്നിലല്ല എന്ന് നാം തെളിയിച്ചു കഴിഞ്ഞു. കൺവൻഷനോട് അനുബന്ധിച്ച് കൂദാശ ചെയ്യപ്പെട്ട 6 പള്ളികൾ ഉൾപ്പെടെ ഇന്നു നമുക്ക് നോർത്ത് അമേരിക്കയിൽ 8 ഇടവകകളും, കെ.സി.സി.എൻ.എ.യുടെ ബാക്കി എല്ലായൂണീറ്റുകളിലും മിഷനുകളും ഉണ്ട്. വളർച്ചയുടെ ഭാഗമായി മിഷനുകളും ഇടവകകളും അദ്ധ്യാത്മീക കാര്യങ്ങൾ ഏറ്റെടുക്കുമ്പോൾ കലാ കായിക സാംസ്കാരിക സാമുദായിക കാര്യങ്ങളിൽ സംഘടനയ്ക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കും.

ഇടവകകൾക്കും മിഷനുകൾക്കും മെമ്പർഷിപ്പ് കാര്യത്തിൽ കേരളത്തിന് പുറത്ത് പരിമിധികൾ ഉണ്ട്. പക്ഷെ 100 ശതമാനം എൻഡോഗമസ് മെമ്പർഷിപ്പുള്ള സമുദായ സംഘടനയ്ക്ക് ആ പരിമിതികൾ ഇല്ല. ഇടവകകളുടെയും സംഘടനകളുടെയും ലക്ഷ്യം ക്നാനായ സമുദായത്തിന്റെ വളർച്ചയും നിലനിൽപും ഭദ്രതയുമാണ്. കോട്ടയം രൂപതയ്ക്ക് ലോകമെമ്പാടുമുള്ള ക്നാനായക്കാരുടെ മേൽ ജുറീസ്ഡിക്ഷൻ കിട്ടുന്നതിന് ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുകൾ ഉള്ളതു കൊണ്ട് കേരളത്തിന് പുറത്ത് ക്നാനായ സമുദായത്തിന്റെ നിലനിൽപും ഭദ്രതയും ഉറപ്പ് വരുത്തുവാൻ അൽമായ സംഘടനകൾ ശക്തമായിത്തന്നെ നിലകൊള്ളണ്ടത് ആവശ്യമാണ്.

2010 ജൂലൈ 22 മുതൽ 25 വരെ ഡാളസിൽ നടന്ന കെ.സി.സി.എൻ.എ.യുടെ ഒൻപതാമത് ദേശീയ കൺവൻഷനിൽ ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിച്ച ചിക്കാഗോ കെ.സി.എസ് ന് നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടി, ഓവർഓൾ ചാമ്പ്യൻഷിപ്പ് ലഭിച്ച വിവരം ആഭിമാനപൂർവ്വം നിങ്ങളെ അറിയിക്കുവാൻ അതിയായ സന്തോഷമുണ്ട്.

കൾച്ചറൽ പ്രോഗ്രാം കോ.ഓർഡിനേറ്റർ ചിന്നു തോട്ടം,ഷാജൻ ആനിതോട്ടം,ടെക്നിക്കൽ സപ്പോർട്ടു നൽകിയ അനിൽ & ബൃന്ദ ഇടുക്കുതറ, ഷിജു ചെറിയത്തിൽ, പ്രൊസഷൻ കമ്മറ്റി കോ. ഓർഡിനേറ്റേഴ്സ് ആയ മത്തിയാസ് പുല്ലാപ്പള്ളി, ഗ്രേസി വാച്ചാച്ചിറ, ബാബു തൈപ്പറമ്പിൽ, സജി ഇരപുറം, ജോൺ കരമ്യാലിൽ, കലാകായിക മത്സരങ്ങളുടെ കോ.ഓർഡിനേറ്റേഴ്സ് ആയ ജെയിംസ് തിരുനെല്ലിപ്പറമ്പിൽ, ജസ്മോൻ പുരമഠം, ജോൺകരമ്യാലിൽ, ജിജി കുന്നത്തുകിഴക്കേതിൽ, വുമൺസ് ഫോറം ദേശീയ വൈസ് പ്രസിഡണ്ട് ഡെല്ലാ നെടിയകാലായിൽ, ബാറ്റിൽ ഓഫ് സിറ്റീസ് കോ.ഓർഡിനേറ്റർ ചിന്നു വാച്ചാച്ചിറ, ടെസ്സാ തണ്ണിക്കരി, ഡയാനാ കുളങ്ങര തുടങ്ങി അനേകം പേരുടെ സഹകരണവും പരിശ്രമവും മൂലമാണ് നമുക്ക് ഈ നേട്ടം കൈവരിക്കാനായത്.

നോർത്ത് അമേരിക്കയിലെ ക്നാനായ തറവാടായ ചിക്കാഗോ കെ.സി.എസ്.ന്റെ അഭിമാനം ദേശീയ തലത്തിൽ ഉയർത്തിപ്പിടിക്കുവാൻ സഹായിച്ച നമ്മുടെ പോഷക സംഘടനനകളായ കിഡ്സ്ക്ലബ്, കെ.സി.ജെ.എൽ. ,കെ.സി.വൈ.എൽ. യുവജനവേദി വുമൺസ് ഫോറം എന്നിവയുടെ എല്ലാ കോ.ഓർഡിനേറ്റേഴ്സ്, കൊറിയോഗ്രാഫേഴ്സ്, വോളണ്ടിയേഴ്സ് എന്നിവരോടും പരിപാടികളിൽ പങ്കെടുത്ത എല്ലാകുട്ടികളോടും അവരുടെ മാതാപിതാക്കളോടും കെ.സി.എസ്. എക്സിക്യുട്ടീവിനുള്ള ആദരവും നന്ദിയും ഒരിക്കൽ കൂടി രേഖപ്പെടുത്തുന്നു. രണ്ടാം പ്രാവശ്യവും ചിക്കാഗോ കെ.സി.എസ്.ന് അഭിമാനമായി കലാപ്രതിഭാസ്ഥാനം നേടിയ പോൾ എടാട്ടിന്നം, Mr. Knanaya മത്സരത്തിൽ Runner up ആയ Josh നെടിയകാലാ യിക്കും, കലാതിലകം Runner up ആയ ശ്യാമ ചക്കാല പ്പടവിലിനും അഭിനന്ദനങ്ങൾ. ആരുടെ എങ്കിലും പേരുകൾ വിട്ടുപോയെങ്കിൽ സദയം ക്ഷമിക്കുക. നമ്മുടെ കൂട്ടായ്മയുടെയും മാസങ്ങളോളമുള്ള ആശ്രാന്ത പരിശ്രമത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും പ്രതിഫലനമാണ് ഡാളസ് കൺവൻഷനിൽ നമുക്ക് ലഭിച്ച ഈ അംഗീകാരം.

കാര്യമായ അസംതൃപ്തിയോ, അനിഷ്ട സംഭവങ്ങളോ ഒന്നും കൂടാതെ 6000-ൽ പരം അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ കൺവൻഷന് നേതൃത്വം നൽകിയ ചിക്കാഗോയുടെ ജോർജ് നെല്ലാമറ്റത്തിന്റെ നേതൃത്വത്തിലുള്ള എക്സിക്യുട്ടീവിനും, ചെയർ പേഴ്സൺ ജിജു കോളങ്ങായും, കോ.ഓഡിനേറ്റർ തിയോഫിൻ ചാമക്കാലയ്ക്കും, ചിക്കാഗോ ക്നാനായ സമുദായ അംഗങ്ങളുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

ഒരു ശക്തിക്കും ശിഥിലമാക്കാവുന്നതല്ല 17 നൂറ്റാണ്ടിന്റെ ക്നാനായ ശക്തിയും പാരമ്പര്യവും. ശതാബ്ദിയുടെ മികവിൽ,നമ്മുടെ അഭിവന്ദ്യപിതാക്കന്മാരോടൊത്ത് നമുക്കും പോകാം. ***"തനിമയിൽ ഒരുമയിൽ, വിശ്വാസ നിറവിൽ"***

എന്ന് സ്നേഹത്തോടെ ***മേയമ്മ വെട്ടിക്കാട്ട്***

വോട്ടേഴ്സ് ലിസ്റ്റ് അറിയിപ്പ്

കെ സി എസ് ന്റെ പുതുക്കിയ വോട്ടർ പട്ടിക 2010 സെപ്തംബർ 1 ന് www.kcschicago.com എന്ന നമ്മുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പരാതികൾ 2010 സെപ്തംബർ 15 ന് മുൻപായി ലൈസൺ ബോർഡ് ചെയർമാൻ മക്കിൾ മാണിപറമ്പിലിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

മൈക്കിൾ മാണിപറമ്പിൽ

504 Nelson Ln, Westmount, IL—60559

Tel :630 810 9256 / 630 926 8799

KCCNA ഡാളസ് കൺവൻഷൻ ചിക്കാഗോയ്ക്ക് അപൂർവ്വ നേട്ടങ്ങൾ

1.കെ.സി.എസ്. ഷിക്കാഗോ, കൺവൻഷനിലെ മൊത്തം പങ്കാളിത്തത്തിന്റെ ആകെത്തുകയായ, ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി എവർറോളിംഗ് ട്രോഫിയും കാഷ് അവാർഡും കരസ്ഥമാക്കി.

2.ആയിരത്തോളം ചിക്കാഗോ ക്നാനായക്കാർ പങ്കെടുത്ത കൺവൻഷനിലെ ഘോഷയാത്രയിൽ ചിക്കാഗോയ്ക്ക് രണ്ടാം സ്ഥാനം.

3. 350-ൽ പരം കലാകാരന്മാരെ അണിനിരത്തിയ ചിക്കാഗോയുടെ കൾച്ചറൽ പ്രോഗ്രാമിന് രണ്ടാം സമ്മാനം

4. ബാറ്റിൽ ഓഫ് സിറ്റീസ് കോമ്പറ്റീഷനിൽ ചിക്കാഗോ കെ.സി.വൈ.എൽ. നേതൃത്വം നൽകിയ യുവനിരക്ക് ഒന്നാം സ്ഥാനം

5. പോൾ എടാട്ട് തുടർച്ചയായ രണ്ടാം വർഷവും കെ.സി.സി.എൻ.എ. കൺവൻഷനിലെ കലാപ്രതിഭ.

6. ഷാന ചക്കാലപ്പടവിൽ കലാതിലകം റണ്ണർഅപ്പ്

7. ജോഷ് നെടിയകാലാ മിസ്റ്റർ ക്നാ റണ്ണർ അപ്പ്

8. മിഷേൽ കുളങ്ങര മിസ് ക്നാ സെക്കൻഡ് റണ്ണർ അപ്പ്

9. വനിതകളുടെ വടംവലി ലൗസി എലവുങ്കൽ ആൻഡ് ടിം ഒന്നാംസ്ഥാനം

10. മെറീന കളപ്പുരയ്ക്കൽ ആൻഡ് ടീം വനിതകളുടെ ബോളിബോൾ ആൻഡ് ബാസ്ക്കറ്റ് ബോൾ ഒന്നാം സമ്മാനം

11. സിറിയക് കൂവക്കാട്ടിൽ,ജോണിക്കുട്ടി പിള്ളവീട്ടിൽ പുരുഷന്മാരുടെ ഷട്ടിൽ ബാറ്റ്മിന്റൺ ഒന്നാം സ്ഥാനം

For booking KCS Community Center
For all your family celebrations, please contact
Stephen Chollampel (847) 772 422,
John Pattapathy (847) 312 7151)

Great Discount in Rent... $ 500 Only

ഇലക്ഷൻ അറിയിപ്പ്

2011-2012 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഇലക്ഷൻ നടപടികൾ നമ്മുടെ ബൈലോ അനുസരിച്ച് താഴെപ്പറയുന്ന പ്രകാരമാണ്.

നോമിനേഷൻ സമർപ്പിക്കേണ്ട അവസാന തീയതി: **സെപ്തംബർ 30, 2010**

സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരണം :**ഒക്ടോബർ 15, 2010**

നോമിനേഷൻ പിൻവലിക്കേണ്ട അവസാന തീയതി: **ഒക്ടോബർ 30, 2010**

ഇലക്ഷൻ ആവശ്യമായി വരികയാണെങ്കിൽ തിരഞ്ഞെടുപ്പ് നടത്തുന്ന തീയതി: **നവംബർ 27, 2010**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

മൈക്കിൾ മാണിപറമ്പിൽ (ലൈസൺ ബോർഡ് ചെയർമാൻ) 504 Nelson Ln, Westmount, IL—60559

Tel :630 810 9256 / 630 926 8799

KCS യുവജനോത്സവം സെപ്റ്റംബർ 25 ന്

Continued From Page 1

വിജയികൾക്ക് മനോഹരമായ ട്രോഫികളും,സർട്ടിഫിക്കറ്റുകളും നല്കുന്നതിന് പുറമെ കഴിഞ്ഞ വർഷത്തെപ്പോലെ പ്രോത്സാഹന സമ്മാനമായി പാർട്ടിസിപ്പേഷൻ ട്രോഫിയും നൽകുന്നതാണ്. കഴിഞ്ഞ വർഷം ആരംഭിച്ച പുഞ്ചിരി മത്സരം ഈ വർഷവും പ്രീ സ്കൂൾവരെയുള്ള കുട്ടികൾക്കായി നടത്തുന്നതാണ്. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് പ്രീരജിസിട്രേഷൻ ആനിവാര്യമായതിനാൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 10 ന് മുമ്പായി എന്റർറ്റയിൻമെന്റ് കമ്മറ്റി ചെയർമാൻ ജയിംസ് തിരുനെല്ലിപ്പറമ്പിലിന്റെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.മത്സരങ്ങളുടെ ഇനങ്ങൾ, നിബന്ധനകൾ, രജിസ്ട്രേഷൻ ഫോം അയക്കേണ്ട വിലാസം എന്നിവ പ്രത്യേകമായി ഈ ന്യൂസ് ലെറ്ററിൽ ചേർത്തിരിക്കുന്നു. കൂടാതെ കൂടുതൽ ഫോമുകൾ നമ്മുടെ വെബ് സൈറ്റ് www.kcschicago.com ൽ നിന്നും ലഭിക്കുന്നതാണ്. നമ്മുടെയിടയിൽ വളർന്നുവരുന്ന കലാപ്രതിഭകളെ കണ്ടെത്തി,അവരെ അംഗീകരിക്കുവാൻ ഉതകുന്ന ഈ ക്നാനായ ഉത്സവത്തിന് ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

എന്റർറ്റെയിൻമെന്റ് കമ്മറ്റിക്കു വേണ്ടി

ജയിംസ് തിരുനെല്ലിപ്പറമ്പിൽ(ചെയർമാൻ),
ചിന്നു തോട്ടം, അനിത പണയപ്പറമ്പിൽ.
ജിജി കുന്നത്തുകിഴക്കേതിൽ,

കോട്ടയം അതിരൂപതാ ശതാബ്ദി ആഘോഷങ്ങൾക്ക് ഷിക്കാഗോയിൽ ധന്യമായ തുടക്കം

KCYL CHICAGO

Congratulations to all the KCYL members who participated in convention. Without the help of the youth Chicago would have not take the overall trophy. Thank you for the youth who participated in teaching and performing dances for the cultural program. Plus all those KCYL members who participated in all the sports did a great job. Not but not least, congratulations to all the youth who made battle of the cities, a success with the first place trophy that we won. The KCYL members presented a positive impact at the KCCNA convention in Dallas. With that being said this was the year that KCYL Chicago had the most participation in convention and was successful, congratulations.

Tobin Kandarapally (President, KCYL)

കെ.സി.സി.എൻ.എ.കൺവൻഷനിലെ ചിക്കാഗോയുടെ ജൈത്രയാത്ര, ചിത്രങ്ങളിലൂടെ

കെ.സി.സി.എൻ.എ.കൺവൻഷനിലെ ചിക്കാഗോയുടെ ജൈത്രയാത്ര, ചിത്രങ്ങളിലൂടെ

Thanks to all the KCS Chicago Convention Committee Convenors For their excellent leadership and coordination.





കെ. സി. എസ്. ഒളിംപിക്സ് 2010 ആവേശോജ്ജ്വലമായി

പിക്നിക്കും ഓണാഘോഷവും സെപ്റ്റംബർ 11 ന്

Continued from Page 1

സാധാരണ പിക്നിക്കിനോടനുബന്ധിച്ചുള്ള വിനോദ പരിപാടികൾക്ക് പുറമെ ഓണത്തോടനുബന്ധിച്ചുള്ള കായിക വിനോദ പരിപാടികളും നടത്തുന്നതാണ്. ചാക്കിലോട്ടം, വടംവലി,നാടൻ പന്തുകളി, വനിതകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക കായിക വിനോദങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.ഫിഷിംങ്ങിനും,ബോട്ടിംഗിനും മറ്റ് കായിക വിനോദങ്ങൾക്കും അനുയോജ്യമായ ഈ സ്ഥലത്തുവെച്ച് നടത്തപ്പെടുന്ന പുതുമയേറിയ ഈ ആഘോഷപരിപാടികളിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

K.C.S.PICNIC AND ONAM CELEBRATION

WHEN : SEPT 11.2010 SATURDAY FROM 10 AM

WHERE:BIG BEND LAKE,IN BETWEEN GOLF ROAD AND BALLARD ON EAST RIVER ROAD IN DESPLAINS

സ്വാഗതം

ഫാ.ജോസ് ഇല്ലിക്കുന്നംപുറത്ത്, സി.അനുഗ്രഹ, സി.സേവ്യർ, സി. ജെസ്സീനാ എന്നിവർക്ക് ഷിക്കാഗോ ക്നാനായ തറവാട്ടിലേക്ക് ഹാർദ്ദവമായ സ്വാഗതം. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഷിക്കാഗോ കെ സി എസ് ന്റെ പ്രാർത്ഥനാ നിർഭരമായ വിജയാശംസകൾ

ക്നാനായ യുവജനോത്സവം

Conducted by Chicago KCS, 5110 N.Elston Ave, Chicago,IL

Saturday, September 25th, 2010

Registration Form

Last Name……..First Name …….

Address……..City…….. Z ip Code……

Parent's Name……

Tel.# .....Date of Birth.....Grade.....

Category ☐ Sub Junior (KG –4) ☐ Junior (5-8) ☐ Senior(9-12

Section A നൃത്തവിഭാഗം

☐ Folk Dance 5 Min ☐ Classical Dance 10 Min Western Dance 5 Min

☐ Cinematic Dance 5 Min ☐ Fusion Dance 10 Min

Section B നൃത്തേതരവിഭാഗം

☐ Elocution (Malayalam) 5 Min ☐ Elocution (English) 5 Min ☐ Light Music (Malayalam) 5 Min

☐ Light Music (Eng) 5 Min ☐ Film Song (Mal) 5 Min ☐ Classical Music 10 Min

☐ Instrumental Music 5 Min ☐ Spelling Bee ☐ Pencil Drawing 30 Min

☐ Colour Painting 30 Min ☐ Purathanapattu 5 Min ☐ Fancy Dress 3 Min

☐ Chendamelam 5 Min

Section C Group Items

☐ Classical Dance 10 Min ☐ Cinematic Dance 5 Min ☐ Western Dance 5 Min

☐ Folk Dance 5 Min ☐ Fusion Dance 10 Min ☐ MargamKali 5 Min

☐ Purathanapattu 5 Min ☐ Group Song (Mal) 5 Min ☐ Group Song (Eng) 5 Min

☐ Chendamelam 5 Min ☐ Tableau 3 Min ☐ Fancy Dress 3 Min

Participants of Group Item (Enter School Grade in Brackets)

Team Leader……2……

3……4……..

5……6……

7……...8……..

9……...10……...

☐ **Smiling Competition (Pre School and Under)**

Registration Fee: $8.00 Per Head Per Item ($5.00 for smiling Competition)

Submit / Mail forms along with checks payable to Chicago KCS

James Thirunelliparambil

9239 Merril Ave, Morton Grove, IL—60053 / jamesphysio@hotmail.com /847 858 5172

കനാനായ യുവജനോത്സവം-2010

നിർദ്ദേശങ്ങളും നിബന്ധനകളും

1. യുവജനോത്സവം-2010 ന്റെ അംഗീകൃത രജിസിട്രേഷൻ ഫോറത്തിൽ 2010 സെപ്റ്റംബർ 10-നകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ മത്സരത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഇത് മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യ മാകയാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തുകൊണ്ട് എല്ലാവരും സഹകരിക്കുക.

2. അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫോറത്തോടൊപ്പം ചിക്കാഗോ കെ.സി.എസ്.ന്റെ പേരിലുള്ള ചെക്കായി സമർപ്പിക്കേ ണ്ടതാണ്. No cash payment will be accepted.

3. അപേക്ഷാഫീസ് ഓരോ ഇനങ്ങൾക്കും 8 ഡോളർ വീതമായിരിക്കും. ഗ്രൂപ്പ് ഇനങ്ങൾക്ക് ഓരോ ടീം അംഗവും 8 ഡോളർ വീതം നല്കേണ്ടതാണ്.

4. പുഞ്ചിരി മത്സരത്തിന് മാത്രം 5 ഡോളർ മാത്രമായിരിക്കും ഫീസ്.

5. ഒരാൾക്ക് പരമാവധി 5 സിംഗിൾ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല.

6. പങ്കെടുക്കുന്ന കുട്ടികളുടെ സ്കൂൾ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. സബ് ജൂനിയർ (കെ.ജി-4), ജൂണിയർ (5-8), സീനിയർ (9-12) എന്നീ 3 വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ നടത്തുക.

7. Section A നൃത്തം, Section B നൃത്തേതരം, Section C ഗ്രൂപ്പ് എന്നിങ്ങനെ 3 വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്ത പ്പെടുന്നു. കലാതിലകം, കലാപ്രതിഭ എന്നീ സ്ഥാനങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നവർ Section A യിലും Section B യിലും സമ്മാനങ്ങൾ കരസ്തമാക്കിയിരിക്കണം . ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സ്ഥാനത്തേക്ക് തുല്യമാർക്ക് വന്നാൽ അവരുടെ Section C യിലെ സമ്മാന നിലയും പോയിന്റും പരിഗണിക്കുന്നതാണ്. Section A ലും Section B ലും സമ്മാനങ്ങൾ ലഭിക്കാത്തവർ ഉണ്ടാകുന്ന സാഹചര്യത്തിൽ സിങ്കിൾ ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്നവരെ മേൽ പറഞ്ഞ സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതാണ്.

8. ഗ്രൂപ്പ് മത്സരങ്ങൾക്ക് മിനിമം 2 പേരും പരമാവധി 10 പേരും ഉണ്ടാകാവുന്നതാണ്.

9. 1, 2, 3, സ്ഥാനം ലഭിക്കുന്ന വിജയികൾക്ക് യഥാക്രമം 5, 3, 1 എന്നീ ക്രമത്തിൽ പോയിന്റ് നല്കുന്നതാണ്.

10. ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരും ഗ്രേഡും രജിസ്ട്രേഷൻ സമയത്ത് തന്നെ നൽകേണ്ടതാണ്.

11. 1, 2, സ്ഥാനങ്ങൾ ലഭിക്കുന്ന വിജയികൾക്ക ്ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. മൂന്നാം സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒരിനങ്ങളിലും ട്രേഫി ലഭിക്കാത്തവർക്ക് പാർട്ടിസിപ്പേഷൻ ട്രോഫി നല്കുന്നതാണ്.

12. മത്സരങ്ങളിലെ ക്രമം, വേദി മത്സരസമയം എന്നിവയിൽ യഥാസമയം മാറ്റംവരുത്തുന്നതിനുള്ള അധികാരം യുവജനോത്സവ കമ്മറ്റിക്കായിരിക്കും.

13. മത്സരദിവസം തന്നെ, ലഭ്യമാകുന്ന മുറയ്ക്ക് വിജയികളുടെ പേരു വിവരം അറിയിച്ചുകൊണ്ടിരിക്കുന്നതാണ്. ജഡ്ജിമാർ ഇൻഷ്യൽ ചെയ്ത മാർക്ക് വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

14. മത്സര വിധിനിർണ്ണയത്തിൽ ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും. ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ യുവജനോത്സവ കമ്മറ്റിയെ, മത്സരം നടന്ന് 24 മണിക്കൂറിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

15. മത്സരാർത്ഥികൾ തങ്ങളുടെ ചെസ്സ് നമ്പർ 8.30 മുതൽ കമ്മ്യൂണിറ്റി സെന്ററിലെ യൂത്ത് ഫെസ്റ്റിവൽ ഹെൽപ്പ് ഡസ്ക്കിൽ നിന്നും കളക്ട് ചെയ്യേണ്ടതാണ്. Tentative Time Schedule രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് കെ.സി.എസ്. നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

16. Fancy Dress മത്സരത്തിൽ പശ്ചാത്തല സംഗീതവും ശബ്ദവും അനുവദനീയമില്ല.

ഷിക്കാഗോ കെ സി എസ് യുവജനവേദി അവതരിപ്പിക്കുന്ന ഐക്യം 2010

കോട്ടയം അതിരൂപതയുടെ ശദാബ്ദി ആഘോഷങ്ങളും യുവജനവേദിയുടെ പത്താം വാർഷികവും

സെപ്തംബർ 4-5 തിയതികളിൽ സെന്റ് മേരീസ് ക്നാനായ പാരിഷ് ഹാളിൽ

ക്നാനായ കാത്തലിക് യുവജനവേദിയുടെ നോർത്ത് അമേരിക്കയിലെ പത്താം വാർഷികം സെപ്റ്റംബർ 4, 5 തീയതികളിലായി ചിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളിയിൽവച്ച് ചിക്കഗോ, ന്യൂയോർക്ക്, ടെക്സസ് എന്നീ നഗരങ്ങളിലെ യുവജനവേദി യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയാണ്. ഐക്യം 2010 എന്ന് പേരിട്ടിട്ടുള്ള ഈ ഉത്സവത്തിൽ നിരവധി കലാകാരൻമാരും, കലാകാരികളുംഅവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതായിരിക്കും. സെപ്റ്റബർ അഞ്ചാം തിയതി വൈകുന്നേരം യൂത്ത് കുർബാനയോടെ ആരംഭിക്കുന്ന ആഘോഷത്തിൽ യുവജനവേദിയുടെ മുൻകാല അംഗങ്ങളും, നിലവിലുള്ള അംഗങ്ങളും പങ്കെടുക്കുന്നതായിരുക്കും. സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, ഒരുമയുടെയും, മുഖമുദ്രയായ ഈ സായം സന്ധ്യയിലേക്ക് ഏവരേയും യുവജനവേദിയുടെ പേരിൽ സാദരം ക്ഷണിച്ചുകൊള്ളുന്നു.

അരുൺ നെല്ലാമറ്റം
പ്രസിഡന്റ്

സെപ്റ്റംബർ 5-ാം തിയതി ചിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളിയിൽവച്ച് യുവജനവേദിയുടെ പത്താം വാർഷികം ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. അന്നേ ദിവസം വൈകുന്നേരം കുർബാനയെ തുടർന്ന് വിവിധ കലാപരിപാടികൾ വിവിധ നഗരങ്ങളിൽ നിന്നും വരുന്ന യുവജനങ്ങളും, പത്ത് വർഷത്തിനുള്ളിൽ യുവജനവേദിയിൽ നിന്ന് വിവാഹം കഴിച്ച് പിരിഞ്ഞ് പോയ അംഗങ്ങൾ ഒത്തുചേർന്ന് അവരുടെ കഴിഞ്ഞുപോയ കാലത്തിലേക്ക് തിരിഞ്ഞ് നോക്കുവാനുള്ള ഒരു അവസരം കൂടിഒരുക്കുന്നു. ഈ കൂട്ടായ്മയിലേക്ക് എല്ലാ ക്നാനായ കുടുംബാംഗങ്ങളേയും യുവജനവേദിയുടെ പേരിൽ സ്വാഗതം ചെയ്യുന്നു.

സ്റ്റീഫൻ പള്ളിക്കുന്നേൽ
ജനറൽ സെക്രട്ടറി

മോൺ. അബ്രഹാം മുത്തോലത്ത്
(സ്പിരിച്വൽ ഡയറക്ടർ)

അൽവി കോച്ചേരിൽ
(വൈസ് പ്രസിഡന്റ്)

ദീപു കണ്ടാരപ്പള്ളിൽ
(ട്രഷറർ)

മനീവ് ചിറ്റലക്കാട്ട്
(ജോ.സെക്രട്ടറി)

അമൽ വെള്ളാപ്പള്ളിൽ
(ചെയർമാൻ ഐക്യം 2010)

ജെയിംസ് കോലടി
(ഡയറക്ടർ)

ക്നാനായ സമുദായത്തിന്റെ യൗവനം കാത്തുസൂക്ഷിക്കുന്ന അമേരിക്കയിലെ ക്നാനായ യുവജനങ്ങൾ ചിക്കാഗോയിൽ ഒന്നിച്ചുകൂടി നമ്മുടെ രൂപതയുടെ ശതാബ്ദിയും യുവജനവേദിയുടെ പത്താംവാർഷികവും സംയുക്തമായി ആഘോഷിക്കുന്നു. ഈ മഹാസംഗമത്തെ ഐക്യം 2010 എന്ന പേരിനാൽ തന്നെ അതിന്റെ ഉദ്ദേശശുദ്ധിയെ മനോഹരമാക്കിയിരിക്കുന്നു. ഇത്തരം വ്യത്യസ്തമായ പരിപാടികൾക്ക് നേതൃത്വം നൽകുന്ന വരെ അഭിനന്ദിക്കുകയും ഒപ്പം അമേരിക്കൻ ക്നാനായ ചരിത്രത്തിലെ നാഴികക്കല്ലായി മാറാൻ പോകുന്ന ഈ സംരംഭത്തിലേക്ക് ഏവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന്
അഡ്വ. സാജു കണ്ണമ്പള്ളി (ഡയറക്ടർ)

PROGRAM GUIDE

Saturday, September 4th:
10AM - 5PM : Registration
12PM – 5PM : Hotel Check-In
6PM – 8PM : Social Hour at Community Center (Ice-Breaking, Games, Activities)
8PM – 10PM : Centennial Anniversary Special Quiz Competition.
10.30PM : Back to Hotel
Sunday, September 5th: *Kottayam Diocese Centennial* Anniversary Rally
10AM : Rally Flag off from Communiter Center by KCS Executives.
11.30AM : Rally reaches Sacred Heart Church, Flag rising, and Centennial prayer.
12.00PM : Rally Reaches Knanaya Cemetery, Prayer for demised souls.
12.30PM : Lunch with Priests, Sisters, KCS executives, Trustees, and Sponsors at Maywood Church.
1.30PM : Rally leaves Maywood church.
5.20PM : Rally reaches St. Mary's Church
5.30PM : Anniversary Special Youth Mass.
6.45PM : Agape
7.00PM : *Youth Night*

ഐക്യം 2010 കമ്മറ്റിയംഗങ്ങൾ

അബിൻ കുളത്തിൽകരോട്ട്
സോവനീർ

അജോമോൻ പുത്തറ
സോവനീർ

അനീഷ വലിയപറമ്പിൽ
സോവനീർ

ടോണി കുശക്കുഴിയിൽ
സോവനീർ

ഷെറിൻ ചേത്തലിൽകരോട്ട്
സോവനീർ

ജോമേഷ് ഇലവുങ്കൽ
ഫുഡ്

ജോബ്മോൻ പുളിക്കമറ്റം
ഫുഡ്

സിറിൽ മാളിയേക്കത്തറ
റാലി

ഗീതു കുറുപ്പംപറമ്പിൽ
ഫണ്ട് റെയിസിംഗ്

റ്റോമി നെടുംചിറ
ഫണ്ട് റെയിസിംഗ്

ജിബിറ്റ് കിഴക്കേക്കുറ്റ്
ഫണ്ട് റെയിസിംഗ്

ലിബിൻ താന്നിച്ചുവട്ടിൽ
അക്കോമഡേഷൻ

നീതു കുറുപ്പംപറമ്പിൽ
കൾച്ചറൽ പ്രോഗ്രാം

ലിജു മുലക്കാട്ട്
കൾച്ചറൽ പ്രോഗ്രാം

റ്റിനു പറഞ്ഞാട്ട്
അലുമിനി

മജോ കുന്നശ്ശേരി
അലുമിനി

SPONSORS

Cyriac Koovakkattil
Joy Chemmachel
Binu Pootharayil
Fancy Video
Joy Nediyakaalayil
Manish Kaimulayil
Tomy Nellamattom

Thampi Chemmachel
Chacko Kizhakkekkuttu
Biju Puthara
George Nellamattom
Jaibu Kulangara
Nimmy Thuruthuveelil
Sibi Kathalimattam

Biju Vakkel
D.C Photography
Dr. Susan Idukkuthara
Jiji Kunnathukizhakkethil
Jojo Koduvathara
Majo Kunnassery
Mathias Pullappully

Mathukutty
Punnusoe Thachethu
Roy Nedumchira
Shybu Kizhakkekuttu
Simon Chakkalapadavil
Tinu Paranjattu

ബിജു വാക്കയിൽ
അലുമിനി

ജീവൻ വാഴക്കാലാ
ഹൂസ്റ്റൺ

ജിമ്മി പുഴിക്കുന്നേൽ
ന്യൂയോർക്ക് പ്രസിഡന്റ്

റൂബൻ പെരുമ്പേൽ
ഡിട്രോയിറ്റ്

ABE AUTO CARE
ALEX THECCANAT
Mon-Fri 8 A.M. - 6 P.M., Sat 8 A.M. to 4 P.M.

7736 W. Dempster, Morton Grove
847-966-7200/847-966-7206

Brakes, Tunes up, Fuel Injection, Engine Performance, Tires-Balance, Computer Service, Transmissions & All Auto Works.

JAIBU MATHEW
KULANGARA, E.A
For Personal & Business

TAX SERVICES

773 792 2117 (office)
847 298 0786 (home)
312 718 6337(Cell)
773 792 2118 (Fax)

Enrolled To Practice Before IRS

Auto
Home, Life
Commercial
*Insurance & fianancial Services**

Right coverage at right price. Let us get together and talk about your insurance and financial services needs.*

- Rollovers*
- Variable Annuities*
- Variable Universal Life Insurance*
- Mutual Funds*
- 529 College Savings Plans*
- IRAs*
- Retirement Plans*
- 401(k) Plans*

Securities offered through **Farmers Financial Solutions, LLC** Member FINRA & SIPC

8432 N. Waukegan Rd, Morton Grove, IL 60053.
Fax: 847-966-7992
Tel: **847-966-7990**

Job Joseph (Job Makil)
Insurance and Financial Services Agent

FARMERS INSURANCE GROUP
FARMERS

FAMILY DENTAL
Practice

Wisdom Teeth Extraction, Dental Implant, Osseous Surgery (Gum Surgery), Cosmetic Dentistry, Root Canal, Bridges, Crowns, Cleaning, Whitening.

Dr. Susan Edukutharayil, B.D.S., D.D.S.
(University of Illinois Graduate)
9709 N. Milwaukee Ave.,Glenview, IL 60025
(Northwest Corner of Milwaukee & Greenwood)
Office: 847.581.1418, Fax: 847.581.1445
Emergency: 630.674.6201, Home: 630.674.6207

COMPLETE FAMILY DENTAL CARE

Discounts Available
Cosmetic
Dentistry
Bonding
Root Canal

Repair and Reling
Cleaning
Bridges
Extraction
Gum Disease
Crowns, Caps

24 hour Answering Service
Evening and Saturday Hours Available
by appointment - Emergency Care

CHILDREN WELCOME
ORTHODONTICS (BRACES) INCLUDED
Free consultation & affordable payment plans,
Most insurances accpeted
4955 N. Milwaukee Ave., Chicago, IL 60630
Office (773) 545-1882
Emergency (773) 718-1862
Fax: (847) 486-0946

Dr. Mathew Joseph. BDS, DDS
Northwestern Graduate

KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630

ADDRESS CORRECTION REQUESTED